महालेखाकार (सा.सा.क्षे.ले.प) का कार्यालय, शाखा कार्यालय तृशूर, केरला - 680020
OFFICE OF THE ACCOUNTANT GENERAL (G &SSA),
BRANCH OFFICE: THRISSUR, KERALA - 680020

A2-1088/19
31/1/2019.

No.LBA(HQ)III/II/8A-160/2018-19 /340
തീയതി : 17-01-2019

സ്വീകർത്താവ്

സെക്രട്ടറി,
ഓമശ്ശേരി ഗ്രാമ പഞ്ചായത്ത്,
കോഴിക്കോട് ജില്ല

വിഷയം:- 1971 ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (ഡി.പി.സി) നിയമത്തിന്റെ 14, 20 (1) വകുപ്പുകൾ പ്രകാരമുള്ള ലോക്കൽ ഓഡിറ്റ് റിപ്പോർട്ട്.

സർ,

ഓമശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2013-14 മുതൽ 2017-18 വർഷത്തെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് ലഭിച്ച് നാലാഴ്ചയ്ക്കകം റിപ്പോർട്ടിനുള്ള മറുപടി ഈ ഓഫീസിലേക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആർട്ടിക്കിൾ 63(c) കേരള ഫിനാൻഷ്യൽ കോഡ് വോള്യം I & സർക്കുലർ നമ്പർ 6/04/fin.dt.20.01.2004 എന്നിവ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് ഉടനെ മറുപടി അയക്കേണ്ടതിന്റെ ആവശ്യകത നിഷ്കർഷിക്കുന്നു.

ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് നൽകിയതും ലഭ്യമാക്കിയതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയത്. ഓഡിറ്റിനു വിധേയമായ സ്ഥാപനം നൽകിയ തെറ്റായ വിവരത്തിൻറെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ) ഓഫീസിന് യാതൊരു ഉത്തരവാദിത്തവുമില്ല.

വിശ്വസ്തതയോടെ,

17/1/19
സീനിയർ ഓഡിറ്റ് ഓഫീസർ.

പകർപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശ സ്വയം ഭരണവകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, 4th Floor,
തിരുവനന്തപുരം - 695001

സീനിയർ ഓഡിറ്റ് ഓഫീസർ

E Mail: aaolbahq@gmail.com Fax: 0487-2325898 Telephone: 0487-2331402

# ഓമശ്ശേരി ഗ്രാമപഞ്ചായത്തിൻെറ 2013-14 മുതൽ 2017-18 വരെ വർഷത്തെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട്

## ഭാഗം - 1

### എ) ആമുഖം.

കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഓമശ്ശേരി ഗ്രാമപഞ്ചായത്തിൻെറ 2013-14 മുതൽ 2017-18 വരെയുള്ള വർഷത്തെ ലോക്കൽ ഓഡിറ്റ് 1971 ലെ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറലിൻെറ ഡി.പി.സി നിയമത്തിലെ 14, 20 (1) വകുപ്പുകൾ പ്രകാരം 28/11/18 മുതൽ7/12/18 വരെയുള്ള തീയതികളിൽനടത്തി. ഗ്രാമപഞ്ചായത്തിൻെറ പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. വിസ്തീർണ്ണം - 25.46സ്ക്വയർ കി.മീ
2. വാർഡുകളുടെഎണ്ണം - 19
3. ജനസംഖ്യ (2011 സെൻസസ് പ്രകാരം) - 37252

| | പുരുഷന്മാർ | വനിതകൾ | ആകെ |
|---|---|---|---|
| ആകെ ജനസംഖ്യ | 18752 | 18500 | 37252 |
| പട്ടികജാതി | 1654 | 1775 | 3429 |
| പട്ടികവർഗ്ഗം | 37 | 49 | 86 |

4. 01.04.2013 മുതൽ 31.03 2018 വരെയുള്ള പ്രസിഡണ്ടുമാരുടെ പേരും കാലാവധിയും

| ക്രമ സംഖ്യ | പേര് | എന്നു മുതൽ | എന്നു വരെ |
|---|---|---|---|
| 1 | കെ.എം.കോമളവല്ലി | 01.04.2013 | 31.10.2015. |
| 2 | സി.കെ.കദീജമുഹമ്മദ്. | 07.12.2015 | 01.08.2017 |
| 3 | ഗ്രേസിനെല്ലിക്കുന്നേൽ | 30.08.2017 | 31.03.2018 |

5. 01.04.2013 മുതൽ 31.03 2018 വരെയുള്ള സെക്രട്ടറിമാരുടെ പേരും കാലാവധിയും

| ക്രമ സംഖ്യ | പേര് | എന്നു മുതൽ | എന്നു വരെ |
|---|---|---|---|
| 1 | ഒ.സി.ലാലു | 01.04.2013 | 08.07.2013 |
| 2 | ടി.അബ്ദുള്ള | 08.07.2013 | 22.06.2016 |
| 3 | രാജീവ്.പി. | 22.06.2016 | 29.06.2018 |
| 4 | ഒ.സുലൈമാൻ | 29.06.2016 | 01.10.2016 |
| 5 | രാജീവ്.പി. | 01.10.2016 | 04.10.2016 |
| 6 | ടി.അബ്ദുള്ള | 04.10.2016 | 31.03.2018 |

6.ഗ്രാമ പാഞ്ചായത്തിലെ ജീവനക്കാരുടെ എണ്ണം -

7. ആറു വർഷത്തിനുള്ളിൽ വിരമിക്കുന്ന ജീവനക്കാരുടെ വിവരം

| ക്രമ നമ്പർ | പേര് | തസ്തിക | ജനന തീയ്യതി | വിരമിക്കുന്ന തീയ്യതി |
|---|---|---|---|---|
| 1 | 0 | 0 | 0 | 0 |

8. ഗ്രാമപഞ്ചായത്തിന്റെ ആകെ വരുമാനം

| ക്രമമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015-16 | 98276628 |
| 2 | 2016-17 | 124233467 |
| 3 | 2017-18 | 134912819 |

9. ഗ്രാമപഞ്ചായത്തിന്റെ ആകെ ചെലവ്

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015 -16 | 93220428 |
| 2 | 2016 - 17 | 110219968 |
| 3 | 2017 -18 | 130264542 |

10. ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ വിശകലനവും പദ്ധതികളും സംബന്ധിച്ച വിവരങ്ങൾ

**ധനകാര്യവിശകലനം**

| വർഷം | പ്രാരംഭബാക്കി | | | | വരവ് | | | | ചെലവ് | | | | നീക്കിയിരിപ്പ് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സംസ്ഥാനം | കേന്ദ്രം | മറ്റുള്ളവ | ആകെ | സംസ്ഥാനം | കേന്ദ്രം | മറ്റുള്ളവ | ആകെ | സംസ്ഥാനം | കേന്ദ്രം | മറ്റുള്ളവ | ആകെ | സംസ്ഥാനം | കേന്ദ്രം | മറ്റുള്ളവ | ആകെ |
| 2015-16 | 11772922 | 1066838 | 4546060 | 17385820 | 69121803 | 16474915 | 12679910 | 98276628 | 61829705 | 16668310 | 14722413 | 93220428 | 650397 | 873443 | 2503557 | 4027397 |
| 2016-17 | 650397 | 873443 | 2503557 | 4027397 | 79821734 | 25144642 | 19267091 | 124233467 | 67867399 | 24931290 | 17421279 | 110219968 | 661757 | 1086795 | 4349369 | 6097921 |
| 2017-18 | 661757 | 1086795 | 4349369 | 6097921 | 87692288 | 23668860 | 23551671 | 134912819 | 83023870 | 23112325 | 24128347 | 130264542 | 1660752 | 1643330 | 3772693 | 7076775 |

11.പദ്ധതികൾ

| വർഷം | ആസൂത്രണം ചെയ്തത് | നടപ്പിലാക്കിയത് | ചെലവ് |
|---|---|---|---|
| 2015 - 16 | 371 | 227 | 44825708 |
| 2016 -17 | 260 | 173 | 37618938 |
| 2017 - 18 | 291 | 182 | 47099343 |

12. അവസാന വർഷത്തെ ബഡ്ജറ്റ്

(1) തയ്യാറാക്കിയ തീയ്യതി :06.03.2018

(2)അവതരിപ്പിച്ച തീയ്യതി :16.03.2018

(3)പാസ്സാക്കിയ തീയ്യതി :21.03.2018

13. ഗ്രാമപഞ്ചായത്തിന്റെ അവസാന വാർഷിക ധനകാര്യ പത്രിക

(i) തയ്യാറാക്കിയതീയ്യതി :04.05.2018

(ii)പാസ്സാക്കിയതീയ്യതി :08.05.2018

(iii)ഓഡിറ്റിന് സമർപ്പിച്ച തീയ്യതി :24.05.2018

14. ഏറ്റവും അവസാനം ലഭിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ

(i) റിപ്പോർട്ട് കാലയളവ്/വർഷം : 2016-17

(ii) റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ ലഭിച്ച തീയ്യതി :22.09.201

(iii) റിപ്പോർട്ടിന്റെ ക്രമനമ്പറും തീയ്യതിയും: നം.കെ.എസ്.എ്.കെ.കെ.ഡി.(പി.12)/1561/2017

15. ഏറ്റവും അവസാനം ലഭിച്ച പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ

(i) റിപ്പോർട്ട്കാലയളവ് /മാസം: ഒക്ടോബർ 2018

(ii) റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ ലഭിച്ച തീയ്യതി: 28.11.2018

(iii) റിപ്പോർട്ടിന്റെ ക്രമനമ്പറും തീയ്യതിയും: പി.എ്.യു.1.ടീം -2-10/2018,തിയ്യതി-17.11.2018.

16. പുതുക്കിയ അക്കൗണ്ടിംഗ് ഫോർമാറ്റ് (സംഖ്യ) നടപ്പിലാക്കിയ തീയ്യതി:01.08.2012

17. ഓഡിറ്റ് കലയളവിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് പണത്തിന്റെ തിരിമറി, മോഷണം, നഷ്ടം എന്നിവയുണ്ടായിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ: ഇല്ല

18. പഞ്ചായത്തിന്റെ കാഷ് ബാലൻസ്.

പഞ്ചായത്തിന്റെ കാഷ് ബാലൻസ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ 6/12/18 ന് പരിശോധിച്ചു. കാഷ് ബാലൻസ് 59,838/- രൂപ ആയിരുന്നു. (6/12/18)

<u>ഭാഗം II എ</u>

<u>മുഖ്യക്രമക്കേടുകൾ</u>

<u>ഇല്ല</u>

ഭാഗം II - ബി

മറ്റ് ക്രമക്കേടുകൾ

**I.നികുതി/നികുതിയേതര വരവുകളുടെ നിർണ്ണയത്തിലും പിരിവിലുമുള്ള അപാകതകൾ.**

**I(1) എഡ്യു പാർക്ക്,കൂടത്തായ് ബസാർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളുടെ സൂപ്പർ വിഷൻ ചാർജ്ജ് ഈടാക്കാത്തതിലുള്ള വരുമാന നഷ്ടം**

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എഡ്യു പാർക്ക്, കൂടത്തായ് ബസാർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ അസ്സസ്സ്മെന്റ് പ്ലിന്ത് ഏരിയ രേഖകളനുസരിച്ച് 2926 ച.മീറ്ററാണ്. അസ്സസ്സ്മെന്റ് രേഖകളനുസരിച്ച് 2017 ൽ നിർമ്മിച്ച ഈ കെട്ടിടത്തിന് നിയമാനുസൃതം ഈടാക്കേണ്ട നിർമ്മാണ ചിലവിന്റെ 1.25 ശതമാനം സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

സർക്കുലർ നം. 42448/ഇഡബ്ല്യൂ/3/11/ തസ്വ.ഭ.വ തിയതി 12/09/2011 പ്രകാരം എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകും മുമ്പേ സൂപ്പർ വിഷൻ ചാർജ്ജായി തദ്ദേശ സ്ഥാപനം ഈടാക്കേണ്ടതാണ്. ഈ കെട്ടിടത്തിന്റെ അംഗീകൃത നിർമ്മാണ ചെലവിന്റെ 1.25% തുക ഈടാക്കിയതിന് ശേഷമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത്. കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സകൂൾ പ്രവർത്തിക്കാൻ അനുവദിക്കരുത്. നിയമാനുസൃത സൂപ്പർ വിഷൻ ചാർജ്ജ് ഈടാക്കി ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സൂപ്പർ വിഷൻ ചാർജ്ജ് ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

**I(2) വാടക ഡിപ്പോസിറ്റും വാടക സെക്യൂരിറ്റി ഡിപ്പോസിറ്റും ഈടാക്കാത്തതു മൂലം 2017-18 ലെ ധനകാര്യപത്രികയിൽ ഉണ്ടായ അപാകത**

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാൻ ഉള്ള ബൈലോ പ്രകാരം വാടകക്കാരനിൽ നിന്നും വാടക ഡിപ്പോസിറ്റും സെക്യൂരിറ്റി ഡിപ്പോസിറ്റും ഈടാക്കേണ്ടതാണ്. 2017-18 ൽ കെട്ടിട വാടക കണക്കിൽ 8,79,684/- രൂപയുടെ വരുമാനം കിട്ടാനുണ്ടായിരുന്നു. പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തീരുമാനപ്രകാരം 3 മാസത്തെ വാടകയ്ക്ക് തുല്യമായ തുക വാടക ഡിപ്പോസിറ്റും, അത്രയും തുക തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റും എന്ന് കണക്കാക്കിയാൽ പോലും 4,39,842/-രൂപ വാടകക്കാരിൽ നിന്നും വാടക ഡിപ്പോസിറ്റും വാടക സെക്യൂരിറ്റി ഡിപ്പോസിറ്റും ഈടാക്കേണ്ടതായിരുന്നു.

ഇങ്ങനെ ചെയ്യാതിരുന്നത് മൂലം പഞ്ചായത്തിന് 4,39,842/- രൂപയുടെ വിഭവ സമാഹരണ കുറവ് ഉണ്ടായിട്ടുണ്ട്. തൻമൂലം 2017-18 ലെ ധനകാര്യപത്രിക ശരിയായ സാമ്പത്തിക സ്ഥിതിയല്ല പ്രതിഫലിപ്പിച്ചിരിക്കുന്നത്. ഈ പോരായ്മ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 3 മാസത്തെ വാടകയ്ക്ക് തുല്യമായ തുക വാടക ഡിപ്പോസിറ്റും വാടക സെക്യൂരിറ്റിയും വാങ്ങുന്നതാണെന്ന് അറിയിച്ചു.

**I(3) റേഷൻ കടകൾ ഡി&ഒ ലൈസൻസ് ഇല്ലാതെയും സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെയും പ്രവർത്തിച്ചതു മൂലം ഉണ്ടായ നഷ്ടം**

പഞ്ചായത്തിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ഡിആന്റ്ഓ ലൈസൻസ് എടുത്തല്ല പ്രവർത്തിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ട് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും, ഡിആന്റ്ഓ ചട്ടങ്ങൾ പട്ടിക 1-149 പ്രകാരം റേഷൻ ഡിപ്പോകൾ (റീട്ടെയിൽ) നിർബന്ധമായും ലൈസൻസ് എടുത്ത് മാത്രം പ്രവർത്തിക്കേണ്ടതുമാണ്. റേഷൻ കടകൾ ഡി& ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിലെ നിയമലംഘനം പ്രത്യേക/ അടിയന്തിര നടപടികൾക്ക് ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെടുത്തുന്നു. തൻമൂലം 2013-14 മുതൽ 2018-19 വരെ 1,50,000/- രൂപ ഈടാക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഡി&ഒ ലൈസൻസ് ഫീ ഇനത്തിലും സ്ഥാപന തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം മേൽ നടപടികൾക്കും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ റേഷൻ കടകൾക്ക് ലൈസൻസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

**I(4) റേഷൻ വ്യാപരികൾ തൊഴിൽക്കരം അടയ്ക്കാത്തത് /വരുമാന നഷ്ടം 1,50,000/- രൂപ**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ചട്ടം 245(1) (എ,ബി,സി) 232-ാംവകുപ്പുകൾ 1 മുതൽ 11 പ്രകാരം മുനിസിപ്പൽ പരിധിയിൽ അർദ്ധ വാർഷികത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി ആ തദ്ദേശ സ്ഥാപനത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. ഗ്രാമപഞ്ചായത്ത് തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ വ്യാപാരികൾ നാളിതുവരെ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. ഇത്തരത്തിൽ ഓഡിറ്റ് കാലയളവായ 1/4/2013 മുതൽ 31/3/2019 വരെയുള്ള ആറുവർഷത്തെ വരുമാനനഷ്ടം 1,50,000/- രൂപ വരും. ഈ തുക

പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തൊഴിൽക്കരം ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

**I(5) കോൺട്രാക്ടേഴ്സും കെട്ടിട പ്ലാൻ ലൈസൻസികളും തൊഴിൽ നികുതി അടക്കാത്തത് സംബന്ധിച്ച് വരുമാനനഷ്ടം 65,000/- രൂപ**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ചട്ടം 245(1) (എ,ബി,സി) 232-ാംവകുപ്പുകൾ (1 മുതൽ 22 വരെ) പ്രകാരം പഞ്ചായത്ത് പരിധിയിൽ അർദ്ധ വാർഷികത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ എർപ്പെട്ടിരിക്കുന്ന വ്യക്തി ആ തദ്ദേശസ്ഥപനത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ് ഓമശ്ശേരിഗ്രാമപഞ്ചായത്ത് തൊഴിൽനികുതി രജിസ്റ്ററനുസരിച്ച് 2017-18 ൽ നിർമ്മാണം പ്ലാൻ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന 15 കരാറുടമകളും 11 ലൈസൻസികളും തൊഴിൽക്കരം അടച്ചതായി കാണുന്നില്ല. ഇത്തരത്തിൽ പഞ്ചായത്തിന് ഒരു വർഷത്തെ വരുമാന നഷ്ടം 65,000/- രൂപയാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

**I(6) പ്ലിന്ത് ഏരിയ കണക്കാക്കിയതിൽ ഉണ്ടായിട്ടുള്ള വ്യത്യസ്തത**

അബ്ദുറഹ്മാൻ, വരിക്കണ്ടിയിൽ, സർവ്വേനം.11/4, ഡോർനം.6/327- A to I ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയിച്ച് ഡോർ നമ്പറിന് അപേക്ഷിച്ചിരുന്നു. ഈ കംപ്ലീഷൻ പ്ലാൻ എഞ്ചിനിയറിംഗ് ഉദ്യോഗസ്ഥർ സൈറ്റ് വെരിഫിക്കേഷൻ നടത്തി 191.27m2 വസ്തു നികുതി ഈടാക്കാൻ ശുപാർശ ചെയ്യിരുന്നു. ഇതിൻ പ്രകാരം സെക്രട്ടറി 191.27 m2 പ്ലിന്ത് ഏരിയക്ക് നികുതി ഡിമാൻറ് ചെയ്ത് നോട്ടീസും നൽകി. എന്നാൽ ഫയൽ പരിശോധിച്ചതിൽ പുത്തൂർ വില്ലേജ് ഓഫീസർ താലൂക്കിൽ സമർപ്പിച്ച (FormII-Rule5) റിപ്പോർട്ട് പ്രകാരം അബ്ദുൾ റഹ്മാൻറെ ഉടമസ്ഥതയിലുള്ള കെട്ടിടം 314m2 പ്ലിന്ത് ഏരിയയുള്ള സ്ഥാപനമാണെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ശരിയാണെങ്കിൽ വസ്തു നികുതി കണക്കാക്കിയതിൽ 6150/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

II. സർക്കാർ ഫണ്ടിൻറെ ദുരുപയോഗം

II(1) സാമൂഹ്യ സുരക്ഷാമിഷന് രണ്ട് പദ്ധതികളിലായി 3 ലക്ഷം രൂപ കൈമാറിയത് സംബന്ധിച്ച്.

ഓമശ്ശേരി ഗ്രാമപഞ്ചായത്ത് രണ്ട് പദ്ധതികളിലായി 2013-14, 2014-15 കാലയളവിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3,00,000/- രൂപ സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന് കൈമാറിയതായി കാണുന്നു. ഗ്രാമപഞ്ചായത്ത് ആദ്യ ഗഡുവായ 3 ലക്ഷം രൂപ കൈമാറി 4 വർഷം കഴിഞ്ഞിട്ടും വയോജനങ്ങൾക്കോ മറ്റ് അവശതയനുഭവിക്കുന്നവർക്കോ ആവശ്യമായ യാതൊരു സേവനവും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.സാമൂഹ്യസുരക്ഷാമിഷന് ഇതിനകം കൈമാറിയ തുകയുടെ രസീറ്റും വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ സർക്കാർ പണം തദ്ദേശ വാസികൾക്ക് ഉപയോഗപ്രദമല്ലാതെ മറ്റ് ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. സാമൂഹ്യ സുരക്ഷാമിഷനുമായി ചേർന്ന് വയോമിത്രപോലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

II(2) എസ്സ്.സി. വിഭാഗം യുവജനങ്ങൾക്ക് ഓട്ടോ റിക്ഷാ വാങ്ങി കൊടുത്തത്

2016-17 കാലയളവിൽ എസ്സ്.സി. വിഭാഗം യുവജനങ്ങൾക്ക് ഓട്ടോ റിക്ഷാ വാങ്ങി കൊടുക്കുന്നതിനായി 2 ലക്ഷം വകയിരുത്തുകയും അതിൽ 1,50,000/- രൂപ ചിലവ് ചെയ്തു 3 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ(എം.എസ്) നം.362/2013/ ത.സ്വ.ഭ.വ തിയ്യതി 16/11/2013 അനുബന്ധം 16 ഖണ്ഡിക 3.7 (4) അനുസരിച്ച് പട്ടികജാതി യുവജനങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 50000/- രൂപ ഓട്ടോ റിക്ഷാ വാങ്ങാൻ ധനസഹായം നൽകാം. വരുമാന പരിധി 1,00,000/- രൂപ വരെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ, സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം. ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചവരായിരിക്കണം. സ്വയം തൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചവരായിക്കരുത്. ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം. ധനസഹായം ലഭിച്ച് വാങ്ങിയ ഓട്ടോ റിക്ഷായുടെ റജിസ്ട്രേഷൻ ബുക്കിൽ വാഹനം നിശ്ചിതകാലാവധി വരെ കൈമാറില്ലന്ന് വ്യവസ്ഥ ചെയത് പകർപ്പെടുത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കണം. തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ

വരുമാനം മാർഗ്ഗരേഖാ അനുബന്ധം 16 ഉപഖണ്ഡിക 2.14 അനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.

ഈ പദ്ധതിയനുസരിച്ച് താഴെ പറയുന്ന 3 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്.

| പേരും മേൽവിലാസവും | | നൽകിയ ധനസഹായം |
|---|---|---|
| 1. മോഹൻദാസ് , മുറംമ്പിടികുന്നുമ്മേൽ | | 50,000 |
| 2. ഗിരീഷ് ,കുക്കുളികുന്നുമ്മേൽ | | 50,000 |
| 3. സജി, പൊട്ടാണിക്കൽ | | 50,000 |
| | ആകെ | 1,50,000 |

ഈ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് വ്യവസ്ഥകൾ രേഖപെടുത്തി ഉടമ്പടിയിൽ ഏർപ്പെടാതെയും റജിസ്ട്രേഷൻ ബുക്കിൽ വാഹനം നിശ്ചിത കാലാവധി വരെ കൈമാറില്ലന്ന് വ്യവസ്ഥ ചെയത് പകർപ്പെടുത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കാതെയുമാണ്. എപ്ലോയ്മെന്റെ എക്സ്ചേഞ്ചിലോ, സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തതിന്റെ സാധുവായ സർട്ടിഫിക്കറ്റ് ഫയൽ ചെയതിട്ടില്ല.

ജി.ഒ(എം.എസ് )നം.72/2017 തിയതി 29/03/2017 ഖണ്ഡിക 14.5 അനുസരിച്ച് പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചതിൻറെ തെളിവായി എല്ലാ രേഖകളും സ്ഥാപനത്തിന്റെ ഓഫിസിൽ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കി അച്ചടിച്ചതും അല്ലാത്തതുമായ എല്ലാ രേഖകളും പദ്ധതി അംഗീകാരം ലഭിച്ചതിനുള്ള രേഖകളും പ്രൊജക്റ്റുകളുടെ സാക്ഷ്യപെടുത്തിയ പകർപ്പും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപെട്ട രേഖകളും ബന്ധപെട്ട നിർവ്വഹണദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. ഓമശ്ശേരി ഗ്രമപഞ്ചായത്ത് നടപ്പാക്കിയ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ മൂന്ന് വ്യക്തികളും പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടവരല്ല. മാത്രമല്ല ഈ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിന് മറ്റേതെങ്കിലും ശ്രോതസ്സിൽ നിന്ന് പ്രസ്തുത ആവിശ്യത്തിന് ധനസഹായം കിട്ടിയില്ല എന്നുള്ളതിന് സാക്ഷ്യപത്രമൊന്നും വാങ്ങിയില്ല. ഓഡിറ്റ് പീരീഡായ 2013-14 മുതൽ 2017-18 വരെയുള്ള ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശസ്ഥാപനം ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ പ്രസക്തമായ മാനദണ്ഡങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതിപ്പണം ചെലവാക്കിയത്. സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ ആ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങളായി നിർബന്ധമായും ചേർക്കേണ്ടതാണ്. ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

## II(3) എ.ബി.സി പദ്ധതി നടപ്പാക്കാത്തത്.

ഓമശ്ശേരി ഗ്രാമപഞ്ചായത്ത് 2015-16 കാലയളവിൽ എ.ബി.സി പ്രൊജക്ടിന്റെ ഭാഗമായി സ്ട്രേ ഡോഗുകളുടെ നിയന്ത്രണത്തിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയക്കായി 2,00,000/- രൂപ ഡപ്യൂട്ടി.ഡയരക്ടർ മൃഗസംരക്ഷണ വകുപ്പിന് കൈമാറി. പദ്ധതിയുടെ പഞ്ചായത്ത് വിഹിതമായ 2,00,000/- രൂപ കൈമാറി കഴിഞ്ഞിട്ടും പ്രസ്തുത പ്രൊജക്ടിന്റെ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കാൻ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

## II(4) വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതി.

ഓമശ്ശേരി പഞ്ചായത്തിലെ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ ആട് വളർത്തൽ എന്ന പദ്ധതി(S0147/17) ഏക വർഷ പരിപാടിയായി ആവിഷ്കരിച്ചു നടപ്പിലാക്കി. പദ്ധതിയുടെ അടങ്കൽ തുക 6,66,000/- ആയിരുന്നു (വികസനഫണ്ട് 2,99,500/-, ബ്ലോക്ക് വിഹിതം 2,00,000/-, ഗുണഭോക്തൃ വിഹിതം 166500). 37 ഗുണഭോക്തൃ കുടുംബങ്ങൾക്ക് 3 ആടുകളെ വീതം വിതരണം ചെയ്യുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. പ്രതീക്ഷിക്കുന്ന പ്രയോജനം എന്ന പ്രൊജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയത് ആട്ടിറച്ചി ആട്ടിൻപാൽ എന്നിവയുടെ ലഭ്യത വർധിപ്പിക്കുക എന്നതായിരുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപെട്ടു. 37 ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പദ്ധതിയിൽ 5 കുടുംബങ്ങൾ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. ആകെ 2016-17 വർഷത്തിൽ ചെലവായത് 67,500/- രൂപമാത്രമാണ്. 2017-18 വർഷത്തിൽ സ്പിൽ ഓവറായി (S0189/18)അടങ്കൽ തുക 5,98,500/- ആയി പദ്ധതി വെച്ചുവെങ്കിലും ചെലവായത് 22,500/- രൂപ മാത്രമാണ്. ഇരു വർഷങ്ങളിലും കൂടെ ആകെ ചെലവായത് 90000 (67500+22500)രൂപയാണ്.

ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ ആവശ്യങ്ങൾക്കനുസൃതമായി ആവിഷ്കരിച്ച പദ്ധതി വിജയകരമായി നടപ്പാക്കാൻ പറ്റാതിരുന്നതിനുള്ള വിശദീകരണം ഓഡിറ്റിന് നൽകുവാനായി ശ്രദ്ധയിൽപെടുത്തിയപ്പോൾ പദ്ധതി പൂർണ്ണമായും സൗജന്യമായി ലഭിക്കുമെങ്കിൽ മതി എന്നു പറയുന്ന ഗുണഭോക്താക്കളാണ് അധികവും എന്ന് അറിയിച്ചു.

## II(5) റോഡ് നിർമ്മാണം ഗുണഭോക്തൃ സമിതി നടത്തിയതിലെ അപാകതൾ.

സർക്കുലർ നം. 1/1559/2010/സി.ഇ./തസ്വ.ഭ.വ തിയതി 13/11/2014 അനുസരിച്ച് പൊതുമരാമത്ത് നിർമ്മാണങ്ങൾ ഗുണഭോക്യത സമിതിയെ ഏൽപ്പിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

ഓമശ്ശേരി പഞ്ചായത്തിൽ 2016-17 ൽ നിർമ്മാണ നടത്തിയ രണ്ട് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ക്രമക്കേടുകൾ കാണുന്നു.

1. കാഞ്ഞിരംപാറ തട്ടാഞ്ചേരിറോഡ് പ്രൊജ്.നം 74/16 ചിലവാക്കിയ തുക 4,80,000

കാഞ്ഞിരംപാറ തട്ടാഞ്ചേരിറോഡ് നിർമ്മാണത്തിന് ചിലവാക്കിയ 4,80,000/- രൂപയിൽ മസ്റ്റർറോൾ അനുസരിച്ച് 1,17,600/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 3,62,400/-യിൽ (നികുതികഴിച്ചുള്ള) തുകയുടെ സാധുവായ പർച്ചെസ് ബില്ലുകളും, രേഖകളും ഫയൽ ചെയ്തിട്ടില്ല.

2. എച്ചിക്കുന്ന് കാവ്വപൊയ്യിൽ റോഡ് 29/16 ചിലവാക്കിയ തുക 4,90,000

എച്ചിക്കുന്ന് കാവ്വപൊയ്യിൽ റോഡ് നിർമ്മാനത്തിന് ചിലവാക്കിയ 4,90,000/- രൂപയിൽ മസ്റ്റർറോൾ അനുസരിച്ച് 65,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 4,30,000/- രൂപയിൽ (നികുതികഴിച്ചുള്ള) തുകയുടെ സാധുവായ പർച്ചെസ് ബില്ലുകളും, രേഖകളും ഫയൽ ചെയ്തിട്ടില്ല.

സംസ്ഥാന ആസൂത്രണ ബോർഡ് ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖയനുസരിച്ച് പ്രവർത്തിക്കാവിശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും വാങ്ങുന്നത് വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും കൃത്യമായ അളവ്,നിരക്ക്,മൊത്തം വില തിയ്യതി എന്നിവ ഉറപ്പു വരുത്തി മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചു വേണം സ്ഥാപനങ്ങളിൽ നിന്നാണങ്കിൽ അംഗികൃത സ്ഥാപനങ്ങളിൽ നിന്നും വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ നമ്പർ എന്നിവ രേഖപെടുത്തിയ ക്യാഷ് ബില്ലോ, രസീതോ നിർബന്ധമായും നിർമ്മാണ രേഖകളിൽ ഫയൽ ചെയ്തിരിക്കണം. എന്നാൽ ഈ രണ്ട് നിർമ്മാണത്തിന് ആവിശ്യമായ സാധനങ്ങൾ വാങ്ങിയതിന്റെ രസീതുകളൊന്നും ഫയൽ ചെയ്തിട്ടില്ല. കൺവീനറുടെയും ചെയർമാന്റേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല, ഗുണഭോക്തൃ സമിതി രൂപീകരിച്ച് പ്രവർത്തി അവസാനിക്കുന്നത് വരെയുള്ള കാര്യങ്ങൾ രേഖപെടുത്താനുള്ള മിനിട്ട്സ് തയ്യാറാക്കിയിട്ടില്ല. ഇത്തരത്തിൽ മാർഗ്ഗരേഖയിൽ പറയുന്ന പ്രസക്തമായ എല്ലാ മാനണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. സർക്കാർ നിർദ്ദേശങ്ങൾ പലിക്കാതെയും മാനണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുമാണ് ഈ പ്രവർത്തികളുടെ പണം ചിലവാക്കിയത്. ഇത്തരത്തിൽ

പദ്ധതികൾ ആവിഷ്കരിച്ചു മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കുന്നത് ശരിയായ രീതിയല്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടപ്പോൾ വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

### III. ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

### III(1) പദ്ധതിനടത്തിപ്പുമായി ബന്ധപെട്ട രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ സൂക്ഷിക്കാത്തതും ഓഡിറ്റിന് സമർപ്പിക്കാത്തതും സംബന്ധിച്ച്

ഓമശ്ശേരി ഗ്രാമപഞ്ചായത്ത് വാർഷിക ചെലവ് പത്രികയനുസരിച്ച ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥരായി 2013-14, 2017-18 കാലയളവിൽ യഥാക്രമം നടപ്പാക്കിയ താഴെ പറയുന്ന 32 പദ്ധതികളുടെ ചിലവു രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

| ക്രമ.നം | വർഷം | പ്രൊജക്റ്റുകളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|---|
| 1 | 2013-14 | 5 | 4,95,740 |
| 2 | 2014-15 | 10 | 20,37,192 |
| 3 | 2015-16 | 6 | 12,54,832 |
| 4 | 2016-17 | 4 | 19,48,525 |
| 5 | 2017-18 | 7 | 20,79,080 |
| | ആകെ | 32 | 78,15,369/ |

മേൽ സൂചിപ്പിച്ച 32 പദ്ധതികൾക്കായി 78,15,369/- രൂപ ചിലവാക്കിയിട്ടുണ്ട്. ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ നിർവ്വഹണദ്യോഗസ്ഥർ സമർപ്പിച്ചിട്ടില്ല. അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് പദ്ധതി നടപ്പാക്കിയ രേഖകൾ ഓഡിറ്റിന് വിധേയമാക്കത്തക്കവണ്ണം സ്ഥാപനത്തിൽ പ്രത്യേകം സുക്ഷിച്ചിട്ടില്ലന്നാണ്

സ.ഉ.(എം.എസ്) 362/2013/ തസ്വ.ഭ.വ തിരു തിയതി 16/11/2013 ഖണ്ഡിക 16 അനുസരിച്ച് അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപെട്ട എല്ലാരേഖകളും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിന് വിധേയമാക്കത്തക്ക വിധം സ്വതന്ത്രഫയലായി സൂക്ഷിക്കേണ്ടതാണ്.

1997 ലെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ വകുപ്പ് 12(2)(4) അനുസരിച്ച് ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ചവരുത്തിയതു മൂലമുള്ള നഷ്ടങ്ങൾക്കും ദുർവിനിയോഗത്തിനും ഉത്തരവാദികൾ ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥർ

ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥർക്കും സെക്രട്ടറിയ്ക്കും ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്. ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.

ഭാഗം - III

തീർപ്പാകാതെ അവശേഷിക്കുന്ന ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുകൾ

ഇല്ല

ഭാഗം - IV

നല്ല മാതൃകകൾ

ഇല്ല

ഭാഗം – V

അക്നോളജ്മെൻറ്

സ്ഥാപനത്തിൻറെ സഹകരണം തൃപ്തികരമായിരുന്നു.

സീനിയർ ഓഡിറ്റ് ഓഫീസർ